ദേവസ്വം ക്ഷേത്രങ്ങളിലെ അനധികൃത സമിതികളും സംഘങ്ങളും

177 [192] *ശ്രീ. വി. ജെ. പൗലോസ്:*
„ *വി. ഡി. സതീശൻ:*
„ *ബി. വിജയകുമാർ:*
„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ബോർഡിന്റെ അംഗീകാരമില്ലാത്ത സമിതികളും സംഘങ്ങളും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇത്തരം നിയമവിരുദ്ധ സമിതികളുടെയും സംഘങ്ങളുടെയും പ്രവർത്തനം ക്ഷേത്രത്തിൽ അനുവദിക്കരുതെന്ന് ദേവസ്വം കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കാത്ത ക്ഷേത്രങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) കമ്മീഷണറുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്ത ക്ഷേത്ര അധികാരികളുടെമേൽ എടുത്ത നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അംഗീകാരമില്ലാത്ത സമിതികളും സംഘങ്ങളും പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം നിയമവിരുദ്ധ സമിതികളുടെയും സംഘങ്ങളുടെയും പ്രവർത്തനം പാടില്ല എന്നു വ്യക്തമാക്കിക്കൊണ്ട് 2-4-2005-ൽ ദേവസ്വം കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) & (ഡി) 2-4-2005-ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യാൻ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കാത്തതിനാൽ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഭക്ഷ്യേതര കാർഷികവിളകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി

178 [194] *ശ്രീ. ഉമേഷ് ചള്ളിയിൽ:*
„ *കെ. കെ. ഷാജു:*
„ *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഭക്ഷ്യേതര കാർഷികവിളകൾക്ക് പ്രോത്സാഹനം നൽകുന്നതു സംബന്ധിച്ച സർക്കാർ നയം വെളിപ്പെടുത്തുമോ;

(ബി) ഇന്ധനമായി ഉപയോഗിക്കാവുന്ന ജെട്രോഫയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ജെട്രോഫ കൃഷി സംസ്ഥാനത്ത് വ്യാപകമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് സർക്കാർ പ്രത്യേകമായി നയം രൂപീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ ''നാഷണൽ മിഷൻ ഓൺ ബയോഡീസൽ'' എന്ന പദ്ധതിപ്രകാരം രാജ്യത്ത് ജെട്രോഫ കൃഷി വ്യാപിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ടിൻമേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത റിപ്പോർട്ട് പഠിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിനായി കൃഷി ഡയറക്ടർ ഉൾപ്പെട്ട നാലംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അഭിപ്രായം ഇതേവരെയും ലഭിച്ചിട്ടില്ല. എന്നാൽ മറ്റു കൃഷികളെക്കാൾ വരുമാനം കുറവായതിനാലും കൃഷിച്ചെലവ് കൂടുതലായതിനാലും ചെടിയുടെ വിത്തിൽ വിഷാംശം അടങ്ങിയിട്ടുള്ളതിനാലും സംസ്ഥാനത്ത് ജെട്രോഫ കൃഷി അഭികാമ്യമല്ല എന്നാണ് കാർഷിക സർവ്വകലാശാലയുടെ വിദഗ്ദ്ധാഭിപ്രായം. കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്.

നാഷണൽ സീഡ് കോർപ്പറേഷന്റെ നെൽവിത്ത് വിൽപ്പന

179 [195] *ശ്രീമതി മേഴ്സി രവി:*

ശ്രീ. കെ. സുധാകരൻ:

,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സീഡ് കോർപ്പറേഷൻ സംസ്ഥാനത്ത് നെൽവിത്ത് വിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു വിലയ്ക്കാണ് വിൽക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്രയും ഭാരിച്ച വില കൊടുത്ത് വിത്തു വാങ്ങി കൃഷി ചെയ്യുന്നത് ലാഭകരമാകുമോ എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly